(ബി) ഈ വേനൽക്കാലത്ത് ഏതെല്ലാം പഞ്ചായത്തുകളിൽ ശുദ്ധീകരിക്കാത്ത വെള്ളം ഈ സ്കീമിൽ നിന്നും വിതരണം ചെയ്യുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) ശുദ്ധീകരിക്കാത്ത വെള്ളം പൂർണ്ണമായി വിതരണം ചെയ്യുന്നതിന് ഇനിയും പൂർത്തിയാക്കേണ്ട പണികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പണികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) ഈ സ്കീമിന്റെ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ടെൻഡർ ഉറപ്പിച്ചുകൊടുത്തുവോ ;

(എഫ്) ഇല്ലെങ്കിൽ എത്രയും വേഗം ടെൻഡറിനനുമതി നൽകുവാനും പണി ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ ;

(ജി) ഈ സ്കീം പൂർണ്ണമായും എപ്പോൾ പൂർത്തിയാക്കുവാനാണ് നിശ്ചയിച്ചിരിക്കുന്നത് ?

ഉത്തരം

(എ) പ്രസ്തുത പദ്ധതികളിൽ നിന്നും ശുദ്ധീകരിക്കാത്ത വെള്ളം ക്ലോറിൻ കലർത്തി അണു വിമുക്തമാക്കിയതിനുശേഷം പമ്പ് ചെയ്തു തുടങ്ങിയിട്ടുണ്ട്.

(ബി) ഈ വേനൽക്കാലത്ത് അയർക്കുന്നം പഞ്ചായത്തിൽ ശുദ്ധീകരിക്കാത്ത വെള്ളം ക്ലോറിനേറ്റ് ചെയ്ത് വിതരണം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇനിയും പൂർത്തിയാകേണ്ട പണികൾ താഴെപറയുന്നവയാണ്.

1. കോയിത്താനത്ത് ഒരു ജലസംഭരണിയുടെ നിർമ്മാണം പൂർത്തിയാക്കുക.
2. ജലം പമ്പു ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ തമ്മിൽ കൂട്ടിയോജിപ്പിക്കുന്ന പണി പൂർത്തിയാക്കുക.
3. വാഴപ്പറമ്പ്, മാതൃമല എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക.

(ഡി) സ്വീകരിക്കുന്നതാണ്.

(ഇ) ടെൻഡർ ഉറപ്പിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(എഫ്) ടെൻഡർ ഉറപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ജി) 2003 മാർച്ച് മാസം.

പെരുവണ്ണാമൂഴി ശുദ്ധജലവിതരണ പദ്ധതി

64 (289) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴി ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്യാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ പ്രൊപ്പോസൽ എന്തെല്ലാമെന്ന് അറിയിക്കാമോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പെരുവണ്ണാമൂഴി റിസർവോയർ ജലസ്രോതസ്സായിട്ടുള്ള കൊയിലാണ്ടിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതിയിലൂടെ ചക്കിടപ്പാറ കുത്താളി ചങ്ങരോത്ത് എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഒന്നാം മേഖല മാത്രമേ കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടുള്ളൂ. വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ച പൈപ്പു ലൈനുകൾ ഇടയ്ക്കിടയ്ക്ക് പൊട്ടുന്നതുകൊണ്ടും ജോയിന്റുകളിൽ ഉപയോഗിച്ച റബ്ബർ റിങ്ങുകൾ ചിതലരിച്ചതുമൂലവും കാലപ്പഴക്കം കൊണ്ടും മറ്റു മേഖലകൾ ഇതുവരെ കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. ഈ പദ്ധതിയുടെ പുനരുദ്ധാരണത്തിന് വേണ്ടി ഇരുനൂറ്റി മൂന്ന് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ വായ്പ ഹഡ്കോയിൽ നിന്നും ലഭിക്കുന്നതിനുവേണ്ട നടപടികൾ എടുത്തു വരുന്നു.

(ബി) പൈപ്പ് ലൈനിലെ ജലത്തിന്റെ മർദ്ദം കുറയ്ക്കാനായി സമ്പ്, ബ്രേക്ക് പ്രഷർ ടാങ്ക് എന്നിവ സ്ഥാപിക്കുവാനും അവിടെ നിന്ന് അനുബന്ധ ജലസംഭരണികളിലേക്ക് വെള്ളം പമ്പ് ചെയ്യുവാനുമുള്ള പ്രവർത്തികളും കൂടുതൽ മർദ്ദം അനുഭവപ്പെടുന്ന സ്ഥലങ്ങളിലെ പൈപ്പ് മാറ്റി സ്ഥാപിക്കുക, കേടായ റബ്ബർ റിങ്ങുകൾ മാറ്റുക, എന്നീ പ്രവർത്തികളാണ് റിഹാബിലിറ്റേഷൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കുണ്ടറ ജലവിതരണ പദ്ധതിയുടെ പണി

65 (290) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ ജലവിതരണ പദ്ധതിയുടെ പണി ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) കൊല്ലം ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകൾക്കാണ് പദ്ധതി കൊണ്ടുള്ള പ്രയോജനം ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ ;

(ഡി) പദ്ധതി കഴിവതും വേഗം കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly